# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2438 20/06/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങളിൽ റേഷൻ കാർഡ് നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>,, എം. വി. ശ്രേയാംസ് കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗ കുടുംബങ്ങളിൽ റേഷൻ കാർഡ് ഇതുവരെ ലഭിക്കാത്തവരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ ; | എ | സംസ്ഥാനത്ത് റേഷൻ കാർഡ് ലഭിക്കാനുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 27 കുടുംബങ്ങൾ |
| കൊല്ലം | മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട് |
| ആലപ്പുഴ | |
| പത്തനംതിട്ട | |
| കോട്ടയം | |
| ഇടുക്കി | 1297 എണ്ണം |
| എറണാകുളം | 123 എണ്ണം |
| തൃശ്ശൂർ | 46 എണ്ണം |
| പാലക്കാട് | 2167 എണ്ണം |
| കോഴിക്കോട് | 29 എണ്ണം |
| മലപ്പുറം | മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട് |
| വയനാട് | 2635 എണ്ണം |
| കണ്ണൂർ | മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട് |
| കാസറഗോഡ് | 1323 എണ്ണം |

| | | | |
|---|---|---|---|
| ബി | റേഷൻ കാർഡിന്റെ അഭാവം മൂലം സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ ഇവർക്ക് യഥാസമയം ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധി ച്ചിട്ടുണ്ടോ ; | ബി | റേഷൻ കാർഡിന്റെ അഭാവം മൂലം സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി | സൗജന്യമായി നൽകുന്ന അരി, റേഷൻ കാർഡ് ഇല്ലാത്ത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | സി | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പദ്ധതി, ഓണക്കാലത്ത് അനുവദിക്കുന്ന സൗജന്യ റേഷൻ തുടങ്ങിയവ റേഷൻ കാർഡില്ലാത്തവരടക്കം എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി നൽകി വരുന്നുണ്ട്. |
| ഡി | 2011-2012 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ക്ഷേമത്തിന് വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ? | ഡി | 2011-2012 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ്, പദ്ധതി വിഹിതത്തിൽ 15,316.76 കോടി രൂപയും പദ്ധതി ഇതര വിഹിതമായി 47.39 കോടി രൂപയും, പട്ടികവർഗ്ഗ ക്ഷേമത്തിനായി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ